**ഐ.ഡി.എസ്.എഫ്.എഫ്.കെ; പ്രതിരോധത്തിന്റെ കാഴ്ചകളുമായി നാല് പലസ്തീൻ ചിത്രങ്ങൾ**

ഇസ്രായേലിന്റെ അധിനിവേശവും വംശഹത്യയും കൊണ്ട് സംഘർഷഭരിതമായ പലസ്തീനിൽ നിന്നുള്ള നാലു ചിത്രങ്ങൾ 16ാമത് ഐ.ഡി.എസ്.എഫ്.എഫ്.കെയിൽ പ്രദർശിപ്പിക്കും. 'ആൻ ഓഡ് റ്റു റെസിലിയൻസ്: ടെയ്ൽസ് ഫ്രം പലസ്തീൻ' എന്ന വിഭാഗത്തിൽ ദ റോളർ, ദ ലൈഫ്, ദ ഫൈ്ളറ്റ്, പലസ്തീൻ ഐലന്റ്സ്, ഹെവി മെറ്റൽ, ബൈ ബൈ ടൈബീരിയാസ് എന്നീ ചിത്രങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

പലസ്തീൻ അഭയാർത്ഥികളുടെ അവസാനതലമുറയിൽപ്പെട്ട 12 കാരി മഹ, തന്റെ അന്ധനായ മുത്തച്ഛനെ വിഭജനമതിൽ തകർന്നതായും ജന്മദേശത്തേക്കുള്ള മടക്കം സാധ്യമാണെന്നും വിശ്വസിപ്പിക്കാൻ ശ്രമിക്കുന്നതിന്റെ കഥ പറയുന്ന 'പലസ്തീൻ ഐലന്റ്സ്'. ജോർദാനിലെ അൽ ബാഖ അഭയാർത്ഥി ക്യാമ്പിൽ വളരുന്ന ആദ്‌ല, റഹ്മി, വിയാം എന്നിവർ അന്താരാഷ്ട്ര വെയ്റ്റ്ലിഫ്റ്റിംഗ് മൽസരങ്ങളിൽ മെഡൽ നേടാനായി പരിശീലനം നടത്തുന്നതിന്റെ കാഴ്ചകൾ പകർത്തുന്ന 'ഹെവിമെറ്റൽ' എന്ന ചിത്രം. ഗാസയിൽനിന്ന് വേദനാഭരിതമായ യാത്രകഴിഞ്ഞ് ബെൽജിയമിലത്തെുന്ന ഹസീം, ഡോക്യുമെന്ററി ചലച്ചിത്ര നിർമ്മാണം പഠിക്കാൻ ബ്രസൽസിലത്തെുന്ന ഇലട എന്നിവരുടെ ജീവിതക്കാഴ്ചകളിലൂടെ ജന്മദേശത്തുനിന്ന് പറിച്ചെറിയപ്പെടുന്നവരുടെ ദുരിതങ്ങൾ, നല്ല സമീപനമുള്ള ദേശങ്ങളിലത്തെിച്ചേരാനുള്ള ആന്തരിക കുടിയേറ്റങ്ങൾ എന്നിവ അവതരിപ്പിക്കുകയാണ് ദ റോളർ, ദ ലൈഫ്, ദ ഫൈ്ളറ്റ് എന്ന ചിത്രം. അമ്മയെയും അമ്മൂമ്മയെയും ഏഴു സഹോദരിമാരെയും ഉപേക്ഷിച്ച് ഒരു നടിയാവുക എന്ന സ്വപ്നവുമായി പലസ്തീൻ ഗ്രാമം വിട്ട് യൂറോപ്പിൽ കുടിയേറിയ ഹയാം അബ്ബാസിന്റെ തീരുമാനത്തെ പുന$പരിശോധനക്കു വിധേയമാക്കുകയാണ് ലിന സൗ ആലമിന്റെ 'ബൈ ബൈ ടൈബീരിയാസ്' എന്ന ചിത്രം.